LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കേരള നഗര വികസന ധനകാര്യ കോർപ്പറേഷൻ 1970 മുതൽ പ്രവർത്തിച്ചുവരുന്ന സ്ഥാപനമാണ്. 2004-ൽ ഈ സ്ഥാപനത്തെ കേരള നഗര ഗ്രാമ വികസന ധനകാര്യ കോർപ്പറേഷനായി (കെ.യു.ആർ.ഡി.എഫ്.സി) പേര് മാറ്റി പ്രവർത്തിച്ചുവരുന്നു.

(ബി) കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വികസന പ്രവർത്തനങ്ങൾക്കായി വായ്പ നൽകുക എന്നതാണ് കെ.യു.ആർ.ഡി.എഫ്.സി. യുടെ കർത്തവ്യം.

(സി) കോർപ്പറേഷന്റെ ആസ്ഥാനം തിരുവനന്തപുരത്ത് പ്രവർത്തിച്ചുവരുന്നു.

ഹിൽ ഏരിയ ഡെവലപ്മെന്റ് ഏജൻസി

33 (2665) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഹിൽ ഏരിയ ഡവലപ്മെന്റ് ഏജൻസിയിൽ കണ്ണൂർ ജില്ലയിലെ പട്ടുവം, കടന്നപ്പള്ളി-പാണപ്പുഴ ഗ്രാമപഞ്ചായത്തുകളെ ഉൾപ്പെടുത്തിയിട്ടുണ്ടോ ; ഭൂമിശാസ്ത്രപരമായ പ്രത്യേകത കണക്കിലെടുത്ത് പ്രസ്തുത പഞ്ചായത്തുകളെ 'ഹാഡ'യിൽ ഉൾപ്പെടുത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ ?

ഉത്തരം

ഹിൽ ഏരിയ ഡെവലപ്മെന്റ് ഏജൻസിയുടെ പ്രവർത്തന പരിധിയിൽ കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ തളിപ്പറമ്പ ബ്ലോക്കിലെ പട്ടുവം ഗ്രാമപഞ്ചായത്ത് ഉൾപ്പെടുന്നുണ്ട്. എന്നാൽ കടന്നപ്പള്ളി-പാണപ്പുഴ ഗ്രാമ പഞ്ചായത്ത് ഉൾപ്പെട്ടിട്ടില്ല. ഗ്രാമപഞ്ചായത്തിന്റെ ഭൂവിസ്തൃതിയുടെ കുറഞ്ഞത് 25% എങ്കിലും പ്രദേശം 800 മീറ്റർ കോണ്ടൂറിന് മുകളിൽ വരികയോ പാരിസ്ഥിതിക ദുരന്തങ്ങൾക്ക് വിധേയമാവുകയോ ചെയ്തിട്ടുണ്ടെങ്കിൽ മാത്രമേ ഹാഡയുടെ ഒന്നാംഘട്ടത്തിൽ ഉൾപ്പെടുത്തുവാൻ സാധിക്കുകയുള്ളൂ.

ഇന്ദിര ആവാസ് യോജന

34 (2666) ശ്രീ. എ. കെ. ബാലൻ :
പ്രൊഫ. സി. രവീന്ദ്രനാഥ് :
ശ്രീ. സി. കൃഷ്ണൻ :
ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യത്തിന് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഇന്ദിര ആവാസ് യോജന പ്രകാരം കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ അനുവദിച്ചതും നിർമ്മാണം പൂർത്തിയായതുമായ വീടുകളുടെ വിശദാംശം ലഭ്യമാക്കാമോ ?